**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 164 10.06.2013 ൽ മറുപടിക്ക്

**കണ്ണൂർ വിമാനത്താവളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് :<br>,, എ. പി. അബ്ദുള്ളക്കുട്ടി:<br>,, ഐ. സി. ബാലകൃഷ്ണൻ:<br>,, കെ. അച്ചുതൻ: | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യ മാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | 1. കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കാൻ വേണ്ടി കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചു.<br>2. വിമാനത്താവള നിർമ്മാണത്തിനായി ഇതിനകം 1277.93 ഏക്കർ സ്ഥലം രണ്ടു ഘട്ടങ്ങളിലായി ഏറ്റെടുക്കുകയും മൂന്നാം ഘട്ടത്തിൽ 783 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി നടന്നു വരികയുമാണ്.<br>3. വിമാനത്താവളത്തിന്റെ റൺവെ നിർമ്മിക്കുന്ന തിന് ആവശ്യമായ വിശദമായ പ്രൊജക്ട് റിപ്പോർട്ടും (DPR) മാസ്റ്റർ പ്ലാനും തയ്യാറാക്കുന്നതിന് കൊച്ചിൻ ഇന്റർ നാഷണൽ എയർപോർട്ട് ലിമിറ്റഡിനെ (സിയാൽ) നിയോഗിക്കുകയും തുടർന്നുള്ള പ്രവർത്തന ങ്ങൾക്ക് ഇന്റഗ്രേറ്റഡ് പ്രൊജക്ട് കൺസൽട്ടന്റായി M/S AECOM നെ നിയോഗിക്കുകയും ചെയ്തു.<br>4. പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നത് സംബന്ധിച്ച് അന്തിമ റിപ്പോർട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് കേന്ദ്ര എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റി അന്തിമശുപാർശ നൽകിയിട്ടുണ്ട്.<br>5. വിമാനത്താവള നിർമ്മാണപ്രവർത്തനത്തിനായി യോഗ്യതയുള്ളവരുടെ അഭ്യർത്ഥനക്കായി ടെണ്ടർ ക്ഷണിക്കുകയും എയർപോർട്ടിന്റെ എയർസൈഡ് നിർമ്മാണപ്രവർത്തനങ്ങൾക്കാ യുള്ള ഇ.പി.സി കോൺട്രാക്റ്റിന്റെ എയർസൈഡ് ഘട്ടത്തിനു വേണ്ടി താഴെ കൊടുത്തിരിക്കുന്ന 19 അപേക്ഷകർ അപേക്ഷകൾ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷകൾ വിശകലനം ചെയ്യുകയും ചെയ്തു. ടെണ്ടർ സംബന്ധിച്ച തുടർ നടപടികൾ നടന്നു വരുകയാണ്. |

<table>
<tr><td></td><td></td><td></td><td>
<table>
<tr><th>Sl. No.</th><th>Agency Name</th></tr>
<tr><td>1.</td><td>GAMUDA BERHAD</td></tr>
<tr><td>2</td><td>PNC INFRATECH LTD</td></tr>
<tr><td>3</td><td>IVRCL LIMITED</td></tr>
<tr><td>4</td><td>BSC C& C-JV</td></tr>
<tr><td>5</td><td>MET-SOMA-JV</td></tr>
<tr><td>6</td><td>IOSOLUX INGENEIRIA S.A</td></tr>
<tr><td>7</td><td>PUNJLLYOD-VEL-JV</td></tr>
<tr><td>8</td><td>OJSC"SIBMOST'GAYATRI-JV</td></tr>
<tr><td>9</td><td>GMR INFRASTRUCTURE LTD</td></tr>
<tr><td>10</td><td>CHINA HARBOUR ENGINEERING</td></tr>
<tr><td>11</td><td>ITD CEMENTATION LIMITED</td></tr>
<tr><td>12</td><td>OBRASCON HUARTE LAIN S.A</td></tr>
<tr><td>13</td><td>EUROVIA VBU-EUROVIA BELTON NAPC-JV</td></tr>
<tr><td>14</td><td>BPHB SRIAVANTIKA - JV</td></tr>
<tr><td>15</td><td>TAV CONSTRUCTIONS-ESSAR PROJECTS</td></tr>
<tr><td>16</td><td>EKO-UNITY-JV</td></tr>
<tr><td>17</td><td>J&P-VNC-JV</td></tr>
<tr><td>18</td><td>LARSEN-TOUBRO LTD</td></tr>
<tr><td>19</td><td>SANJOSE-GAMMON-JV</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>വിമാനത്താവളത്തിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പേർട്ട് അഡൈ്വസറി കമ്മിറ്റി യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;</td><td>(ബി)</td><td>കേന്ദ്ര എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റി അന്തിമ ശുപാർശ നൽകിയിട്ടുണ്ട്</td></tr>
<tr><td>(സി)</td><td>വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ടെണ്ടർ ക്ഷണി ച്ചിട്ടുണ്ടോ; വിശദവിവരം നല്കുമോ;</td><td>(സി)</td><td>ഉണ്ട്. വിമാനത്താവള നിർമ്മാണ പ്രവർത്തനത്തിനായി യോഗ്യതയുള്ളവരുടെ അഭ്യർത്ഥനക്കായി ടെണ്ടർ ക്ഷണിക്കുകയും എയർപോട്ടിന്റെ എയർസൈഡ് നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ഇ.പി.സി കോൺട്രാക്റ്റിന്റെ യോഗ്യതാഘട്ടത്തിലേക്ക് മേൽ കൊടുത്തിരിക്കുന്ന 19 അപേക്ഷകർ അപേക്ഷകൾ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷകളിൽ താഴെ പറയുന്ന 8 എണ്ണം യോഗ്യത നേടുകയും ചെയ്തു.<br>1. OJSC"SIBMOST'GAYATRI-JV<br>2. GMR INFRASTRUCTURE LTD<br>3. ITD CEMENTATION LIMITED<br>4. TAV CONSTRUCTIONS-ESSAR PROJECTS<br>5. EKO-UNITY-JV<br>6. LARSEN-TOUBRO LTD<br>7. SANJOSE-GAMMON-JV</td></tr>
</table>

| | | | |
|---|---|---|---|
| | | | 8. ISOLUX INGENEIRIA S.A<br><br>തുടർന്ന് 29.04.2013 ന് RFP ക്ഷണിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് ഒന്നാമത് പ്രീ ബിഡ് മീറ്റിംഗ് 23.05.2013 ൽ നടത്തി. സാമ്പത്തിക കരാർ സെപ്റ്റംബർ ആദ്യ വാരത്തിൽ അവാർഡ് ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. സിയാൽ തയ്യാറാക്കിയ DPR ഉം മാസ്റ്റർ പ്ലാനും M/s AECOM പരിശോധിച്ച് മാസ്റ്റർ പ്ലാനിനും RFP ക്കും അന്തിമ രൂപം നൽകുകയും കിയാലിന്റെ 20.03.2013 ചേർന്ന ബോർഡ് യോഗം ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങ ളാണ് തുടങ്ങാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാർ പ്രകാരം ടെർമിനൽ ബിൽഡിങ്ങും കൺട്രോൾ ടവറും ഒഴിച്ചുള്ള എർത്ത് വർക്ക്, റൺവെ, ടാക്സി വേ, ഏപ്രൺ, ഓപ്പറേഷണൽ കോമ്പൗണ്ട് വാൾ, പ്രോപ്പർട്ടി വാൾ, കാർപാർക്ക്, ഫയർ സ്റ്റേഷൻ ബിൽഡിങ്ങ്, കമ്മ്യൂണിക്കേഷൻ ബിൽഡിങ്ങ്, നാവിഗേഷൻ ബിൽഡിങ്ങ്സ്, അപ്രോച്ച് റോഡ് മുതലായവയും അനുബന്ധ പ്രവർത്തികളുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.<br>മേൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് ഏകദേശം 700 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ.